**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകൾ ആക്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ; | (എ) | കേരളത്തിലെ എല്ലാ കൃഷിഭവനുകളും ഘട്ടം ഘട്ടമായി സ്മാർട് കൃഷി ഭവനുകൾ ആക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ള 14 കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നു.ഇതിനായി 10 കോടി രൂപയുടെ അനുമതി ലഭ്യമായി കഴിഞ്ഞു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതും സ്ഥലം ഉള്ളതുമായ 14 കൃഷിഭവനുകൾ കണ്ടെത്തി അവിടെ ആധുനിക കെട്ടിടങ്ങൾ നിർമ്മിച്ച് സ്മാർട് കൃഷിഭവനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി കേരള ലാന്റ് ഡെവലപ്മെന്റ് കോർപറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകൾ ആക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | (ബി) | ആദ്യ ഘട്ടത്തിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ള 14 കൃഷിഭവനുകൾ കണ്ടെത്തി സ്മാർട്ട് കൃഷിഭവൻ ആരംഭിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് . കൃഷി ഭവനുകളെ തിരഞ്ഞെടുക്കുന്ന നടപടി പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) | കൃഷിക്കാർക്കും ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ഏതു വിധത്തിൽ ഉണ്ടാകുമെന്ന് വിശദീകരിക്കാമോ? | (സി) | ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കർഷകർക്ക് നൽകുന്നതിനായാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ ഏറ്റവും സുതാര്യമായും കാര്യക്ഷമമായും സമയബന്ധിതമായി കർഷകരിലേക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും, കാലാവസ്ഥാ-വിപണി വിവരങ്ങളും, വിവിധ ഉല്പാദനോപാധികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക ,കൃഷി ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ഫീൽഡിൽ ഉപയോഗിക്കുവാൻ സാധ്യമാകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്മാർട് കൃഷി ഭവൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ